(സി) ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലെ ഒളിംപ്യാ ഹാളിൽ താൽകാലികമായി മീഡിയാ സെന്റർ സ്ഥാപിക്കുന്നതിനുണ്ടാകുന്ന ചെലവ്, ദേശീയ ഗെയിംസ് കഴിയുന്നതോടെ മീഡിയാ സെന്ററിന്റെ ഉപയോഗം നഷ്ടപ്പെടുന്നതിനാൽ, പ്രയോജന രഹിതമാകുന്നതാണ്. ആവശ്യമായ സ്ഥലസൗകര്യം ലഭിക്കുമെന്നത് പരിഗണിച്ചും ഭാവിയിൽ ഈ സൗകര്യം കായികമേഖലയ്ക്കായി പ്രയോജനപ്പെടുത്താമെന്നതും കണക്കിലെടുത്ത് പ്രസ്സ് ക്ലബ്ബിൽ മീഡിയ സെന്റർ പ്രവർത്തിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) 63 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിൽ മീഡിയാ സെന്റർ സ്ഥാപിക്കുന്നതിനായി അംഗീകരിച്ച റൂഫ് ടോപ്പിലെ ഫോൾസ് സീലിംഗ് പൊളിച്ച് പുനർനിർമ്മാണം ചെയ്യുന്നതും ഉൾപ്പെടുന്നുണ്ട്. ലിഫ്റ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച വിശദമായ ശിപാർശ പ്രസ്സ് ക്ലബ്ബിൽ നിന്നും ലഭിച്ചിട്ടില്ല.

റവന്യൂ ജില്ലാതലത്തിൽ പങ്കെടുക്കുന്ന കായികതാരങ്ങൾക്ക് ഗ്രേസ് മാർക്ക്

302 (3936)ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റവന്യൂ ജില്ലാതലത്തിൽ പങ്കെടുക്കുന്ന കായിക താരങ്ങൾക്കും രണ്ട് ശതമാനം ഗ്രേസ് മാർക്ക് നൽകുന്നകാര്യം സർക്കാരിന്റെ സജീവ പരിഗണനയിലുണ്ടോ; അതുപോലെ സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനക്കാർക്ക് നാല് ശതമാനം ഗ്രേസ് മാർക്ക് നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ;

(ബി) സ്പോർട്സിന് ഗ്രേസ് മാർക്ക് നൽകുന്നതിന്റെ ഘടനയിൽ പുനഃപരിശോധന വരുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ;

(സി) റവന്യൂ ജില്ലയിൽ സമ്മാനർഹർക്ക് ക്യാഷ് അവാർഡ് നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ?

ഉത്തരം

(എ-സി) സംസ്ഥാനത്ത് റവന്യൂ ജില്ലാ തലത്തിൽ പങ്കെടുക്കുന്ന കായികതാരങ്ങൾക്ക് നിയമനത്തിനായി ഗ്രേയ്സ് മാർക്ക് നൽകുന്ന വിഷയവും സംസ്ഥാനതല വിജയികൾക്ക് ഗ്രേസ് മാർക്ക് നൽകുന്ന വിഷയവും ഇപ്പോൾ കായികയുവജനകാര്യ വകുപ്പിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly